# പ്രസ്സും പ്രസിദ്ധീകരണങ്ങളും

(K. M. J.)

രൂപത വകയായി ഒരു മുദ്രണാലയവും പത്രവും വേണമെന്നു ഭരണഭാരമേററു മുതൽ ബിഷപ്പ് ഡോ. അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമേനി ആഗ്രഹിച്ചിരുന്നു. ആധുനിക ലോകത്തിൽ അച്ചടിച്ച വാക്കിനും അച്ചടിശാലയ്ക്കും ഉള്ള അത്ഭുതകരമായ സ്വാധീനത്തെപ്പററി തികച്ചും ബോധവാനായിരുന്നു തിരുമേനി. പ്രസിദ്ധീകരണങ്ങൾ വഴിയായുള്ള പ്രേഷിതവൃത്തിയുടെ ബൃഹത്തായ സാദ്ധ്യതകൾ ക്രാന്തദർശിയായ തിരുമേനി ദർശിച്ചുകൊണ്ടിരുന്നു. അങ്ങനെ തിരുമേനി 1918–ൽ സ്വന്തം അരമനയിൽ മുൻഭാഗത്തുള്ള ഹാളിൽ "കാത്തലിക്ക മിഷ്യൻ പ്രസ്സ്" സ്ഥാപിച്ചു. കോട്ടയം അരമന സന്ദർശിച്ചിട്ടുള്ള വൈദികമേലദ്ധ്യക്ഷന്മാരുടെയും വിശിഷ്ടാതിഥികളുടെയും താല്പര്യപൂർവ്വമായ ശ്രദ്ധ അരമനയുടെ മുൻഭാഗത്തു തന്നെയുള്ള ഹാളിൽ പ്രവർത്തനം നടത്തിയിരുന്ന കാത്തലിക്ക് മിഷ്യൻ പ്രസ്സ് ആകർഷിച്ചിരുന്നു, അവരിൽ ചിലർ പ്രസ്സ് പ്രശ്നം തങ്ങളുടെ ലേഖനങ്ങളിലും പ്രഭാഷണങ്ങളിലും പരാമർശിച്ചിരുന്നതായി അന്നത്തെ പത്ര റിപ്പോർട്ടുകൾ കാണിക്കുന്നു. പ്രശസ്തനായ ഫാദർ മാത്യു വട്ടക്കളം അവർകൾക്കു പുരാതനപ്പാട്ടുകൾ അച്ചടിക്കാൻ രൂപതവകയല്ലാത്ത ഒരു മുദ്രണാലയത്തെ ആശ്രയിക്കേണ്ടിവന്നതും കത്തോലിക്കാ മിഷ്യൻ പ്രസ്സ് സ്ഥാപിക്കുന്നതിനു ഡോ. അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമേനിക്കു പ്രചോദനം നൽകിയതായി പറയപ്പെടുന്നു.

ആരംഭത്തിൽ വലുതും ചെറുതുമായി രണ്ടു ഹാൻഡ് പ്രസ്സുകളും പരിമിതമായ തോതിൽ അച്ചുകളും മററു ഉപകരണങ്ങളും മാത്രമാണു കത്തോലിക്കാ മിഷ്യൻ പ്രസ്സിൽ ഉണ്ടായിരുന്നതു്. ബിഷപ്പിന്റെ സെക്രട്ടറിയായിരുന്ന ഫാദർ തോമസ് മുകളേൽ അവർകൾ പ്രസ്സിന്റെ മാനേജരും ആയിരുന്നു.

രൂപത വകയായി ഒരു ആനുകാലിക പ്രസിദ്ധീകരണം പോലും ഇല്ലാത്തതിന്റെ ഖേദം ഡോ. അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമേനിയെ അലട്ടിക്കൊണ്ടിരുന്നു. റവ. ഡോക്ടർ ജോസഫ് ചക്കുങ്കൽ അവർകളുടെ പത്രാധിപത്യത്തിൽ "കോട്ടയം മാസിക" താമസിയാതെ കത്തോലിക്കാ മിഷ്യൻ പ്രസ്സിൽനിന്നും പ്രസിദ്ധീകരിച്ചു തുടങ്ങിയതോടുകൂടി ആ കുറവു പരിഹരിക്കപ്പെട്ടു. മാസികയുടെ ആഫീസ് ജോലികൾ ശ്രീ പി. യു. ലൂക്കോസ് നിർവ്വഹിച്ചുപോന്നു. ആ നിലയിൽ അദ്ദേഹത്തിന്റെ സേവനം തുടർന്നുള്ള എല്ലാ പ്രസിദ്ധീകരണങ്ങൾക്കും ലഭിച്ചു. അദ്ദേഹം പ്രസ്സിന്റെയും പ്രസിദ്ധീകരണങ്ങളുടേയും അഭ്യുന്നതിക്കു വേണ്ടി ദീർഘകാലം ചെയ്തിട്ടുള്ള സേവനങ്ങൾ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

ആവശ്യത്തിനു മാസിക തികച്ചും അപര്യാപ്തമാണെന്നും വാരിക എങ്കിലും വേണമെന്നും ഡോ. അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമേനി വിചാരിച്ചതിന്റെ ഫലമായി ഫാദർ ജോൺ പുലയങ്കാട്ടിൽ അവർകളുടെ പത്രാധിപത്യത്തിൽ "കോട്ടയംമാസിക" കോട്ടയം പത്രികയായി പ്രസിദ്ധീകരിച്ചു തുടങ്ങി. ശ്രീ ജോസഫ് മാളേക്കന്റെ സമർത്ഥമായ പത്രാധിപത്യത്തിൽ ദ്വൈവാരികയായി പ്രസിദ്ധീകരിച്ചുതുടങ്ങിയ കോട്ടയം പത്രിക തിരുവിതാംകൂറിലെ എന്നല്ല കേരളത്തിലെ തന്നെ പത്രങ്ങളിൽ ഒരു പ്രമുഖ സ്ഥാനം നേടി എടുത്തു. 1929–ൽ ഒരു പെഡൽ പ്രസ്സും കൂടുതൽ ടൈപ്പുകളും ഉപകരണങ്ങളും വാങ്ങിയതോടുകൂടി പ്രവർത്തം വിപുലമായിത്തീർന്നിരുന്നു. 1930–ൽ ഫാദർ സിറിയക്കു മററത്തിൽ പ്രസ്സിന്റെ മാനേജരായി നിയമിക്കപ്പെട്ടു.

കോട്ടയം പത്രിക, ആകൃതിയും പ്രകൃതിയും കൊണ്ടു മാത്രമല്ല പൊതുവേയുള്ളതും പ്രത്യേകിച്ചു മുഖപ്രസംഗങ്ങളിലുള്ളതും ആയ ഉള്ളടക്കംകൊണ്ടു് അനുവാചകരുടെയും വിശിഷ്യ അധികൃതരുടേയും ശ്രദ്ധ ആകർഷിച്ചുതുടങ്ങി. പല മുഖപ്രസംഗങ്ങളും അധികൃതർക്കു — പ്രത്യേകിച്ചു മഹാരാജാവിന്റെ ലീഗൽ ആൻറു് കോൺസ്റ്റിററ്യൂഷനൽ അഡ്വൈസറായിരുന്ന സർ സി. പി. രാമസ്വാമി അയ്യർക്കും ദിവാൻ സർ മഹമ്മദു ഹബിബുള്ളയ്ക്കും—കടുത്ത തലവേദനയുണ്ടാക്കി. എന്തിനധികം പറയുന്നു 1936–ൽ കോട്ടയം പത്രികയുടെ ലൈസൻസു റദ്ദ് ചെയ്തു. ഉടനേതന്നെ ഇക്കാലത്തു് പ്രവർത്തനം നിലച്ചുപോയ 'ചേരമർ ദൂതൻ' പത്രത്തിന്റെ ലൈസൻസുപയോഗിച്ച് ചേരമർ ദൂതൻ എന്ന പേരിൽ കോട്ടയം പത്രികയുടെ പ്രവർത്തനം തുടരുകയാണുണ്ടായതു്. അതിന്റെ പ്രവർത്തനം ഒരു വർഷത്തേക്കു നീണ്ടു

---

ടനയിൽ ചേർന്നു പ്രവർത്തിക്കാത്ത ഒരു സമുദായാംഗവും ഉണ്ടാവാൻ ഇടവരരുതു് എന്നു് വന്ദ്യപിതാവു് ഒരിക്കൽ ആഗ്രഹം പ്രകടിപ്പിക്കുകയുണ്ടായി. തിരുമേനിയുടെ തീവ്രമായ ഈ ആഗ്രഹമാണു് രൂപതയിലെ സംഘടനാ പ്രവർത്തകർക്കു് പ്രചോദനം നൽകിയതു്. കോട്ടയം രൂപതയിൽ കത്തോലിക്കാ പ്രവർത്തനസംഘടനകൾ ശക്തിപ്പെട്ടതും, ഇന്നത്തെ ഉന്നതമായ നിലവാരത്തിലേക്കു ഉയർന്നതും അഭിവന്ദ്യ ജൂബിലേറിയൻ തിരുമേനിയുടെ ഭരണകാലത്തായിരുന്നു എന്നുള്ളതു് ഒരു ചരിത്രവസ്തുതയാണു്. തറയിൽ തിരുമേനിയുടെ ഭരണകാലം സംഘടനാപ്രവർത്തനത്തിന്റെ സുവർണ്ണഘട്ടമെന്നു വിശേഷിപ്പിക്കുന്നതിൽ അതിശയോക്തി ലേശംപോലുമില്ല.

നിന്നു. 1936-ൽ "തിരുഹൃദയമാസിക" ആരംഭിച്ചു. ഫാദർ സിറിയക്ക മററത്തിൽ അവർകളായിരുന്നു അതിൻെറ പത്രാധിപർ.

1940-ൽ ഫാദർ തോമസ് ഇടത്തിപ്പറമ്പിൽ അവർകൾ മാനേജരും റവ. ഫാദർ മാത്യു ചെറുശേരിൽ ബിഷപ്പിൻെറ സെക്രട്ടറിയുമായിരിക്കുമ്പോഴാണ് കാത്തലിക്ക് മിഷ്യൻപ്രസ്സ് അരമനയിൽനിന്നു ഇപ്പോഴത്തെ കെട്ടിടത്തിലേക്കു മാററി സ്ഥാപിച്ചതു്. യുദ്ധകാലമായിരുന്നിട്ടും 1942-ൽ ഇംഗ്ലണ്ടിൽ നിന്ന് ഒരു ഡബിൾഡമ്മി സിലിണ്ടർ പ്രസ്സ് വരുത്താൻ കഴിഞ്ഞു. സോ. അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമേനിയാണു ആ പ്രസ്സ് വെഞ്ചരിച്ചതു്.

രൂപതയിലെ പല ബ. വൈദികരും പ്രസ്സിൻെറ മാനേജർമാരായും പത്രാധിപന്മാരായും സേവനം അനുഷ്ഠിച്ചിട്ടുള്ള വിവരം ഇത്തരുണത്തിൽ സ്മരണീയമത്രേ. തിരുഹൃദയദാസസമൂഹാംഗമായ ബ്രദർ ഇട്ടിക്കുഞ്ഞ് 1924 മുതൽ 1964 വരെ ചെയ്ത സേവനവും പ്രത്യേകം പ്രസ്താവ്യമാണ്. പ്രസ്സിലെ എല്ലാ ജീവനക്കാരുടേയും കൂറോടും കാര്യക്ഷമതയോടും കൂടിയ സേവനം ആരംഭം മുതൽ ഇന്നുവരെ ലഭിക്കുന്നതിനുള്ള അസുലഭമായ ഭാഗ്യവും സ്ഥാപനത്തിനുണ്ടായിട്ടുണ്ടു്.

ജൂബിലിയേറിയൻ ഡോ. തോമസ് തറയിൽ തിരുമേനി കോ-അഡ്ജുത്തർ ബിഷപ്പായി വാഴിക്കപ്പെട്ടതിനേത്തുടർന്ന് കാത്തലിക്ക് മിഷ്യൻ പ്രസ്സിൻെറ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിച്ചു തുടങ്ങി. 1946-ൽ രണ്ടു ട്രെഡൽ പ്രസ്സുകൾ കൂടി സ്ഥാപിച്ചു. അവ വെഞ്ചരിച്ചതു ഡോ. തോമസ് തറയിൽ തിരുമേനി തന്നെയാണ്. അതിനുശേഷവും പ്രസ്സിൻെറ കാര്യക്ഷമമായ നടത്തിപ്പിനു് ആവശ്യമായ ആധുനിക യന്ത്രസാമഗ്രികൾ വാങ്ങിയതിൻെറകൂടി ഫലമായി സാമാന്യം മികച്ച ഒരു മുദ്രണാലയം എന്ന പദവി ഇന്നുവരെ പുലർത്താൻ കാത്തലിക്ക മിഷ്യൻ പ്രസ്സിനു കഴിഞ്ഞു.

ഡോ. തോമസ് തറയിൽ തിരുമേനി ഭരണമേറെടുത്തതിനേത്തുടർന്നു രൂപതവകയായി മാസികയ്ക്കു പുറമെ ഒരു വാരികകൂടിയെങ്കിലും ഇല്ലാത്തതിൻെറ കുറവു നികത്താൻ തീരുമാനിച്ചതിൻെറ ഫലമാണു കഴിഞ്ഞ 20 കൊല്ലമായി പ്രശസ്തമായി നടന്നുവരുന്ന "അപ്നാദേശ്" വാരിക.

പ്രസ്തുത പത്രത്തിൻെറ പ്രസിദ്ധീകരണാരംഭത്തിൽ റോമിൽ ആയിരുന്ന ബിഷപ്പ് തോമ്മസ് തറയിൽ തിരുമേനി വത്തിക്കാൻ റേഡിയോയിൽകൂടി ആശംസാപ്രസംഗം ചെയ്തുകൊണ്ടു് അതിൻെറ പ്രസിദ്ധീകരണോൽഘാടനം നിർവഹിച്ചതു അസാധാരണ ഭാഗ്യമായി ഗണിക്കേണ്ടിയിരിക്കുന്നു. അപ്പഴപ്പോൾ വാർത്തകൾ പ്രസിദ്ധീകരിക്കുന്നതിനുപകരം ആഴ്ചതോറും വാർത്തകളുടെ വിലയിരുത്തൽ പ്രസിദ്ധീകരിച്ചു അനുവാചകരുടെ ചിന്തയ്ക്കു മാർഗ്ഗദർശനം നൽകി അഭിപ്രായ രൂപവൽക്കരണത്തിനു സഹായിക്കുക എന്ന പ്രത്യേക ലക്ഷ്യം മുൻനിർത്തിയാണു പ്രസ്തുത പത്രം വാരികയായിരിക്കട്ടെ എന്നു തീരുമാനിച്ചതു്. ഇക്കാലമത്രയും അപ്നാദേശ് യഥാശക്തി അങ്ങനെ ചെയ്യുവാൻ ശ്രമിച്ചിട്ടുള്ളതു കൂടാതെ സഭയുടേയും സമുദായത്തിൻെറയും പ്രശ്നങ്ങൾ സംബന്ധിച്ച ഭീതിയും ദാക്ഷിണ്യവും കൂടാതെ ധീരധീരം വാദിക്കാൻ ശ്രദ്ധിച്ചിട്ടുമുണ്ടു്. ശ്രീ പനമ്പള്ളിയുടെ വിദ്യാഭ്യാസ പദ്ധതി കമ്യൂണിസ്റ്റ് ഗവർമെൻറിൻെറ വിദ്യാഭ്യാസനിയമം, വിമോചനസമരം, ഐക്യമുന്നണി ഗവർമെൻറിൻെറ യൂണിവേഴ്സിററി നിയമം മുതലായി രാഷ്ട്രീയവും, വിദ്യാഭ്യാസപരവുമായ പ്രശ്നങ്ങൾ സംബന്ധിച്ചു അപ്നാദേശ് എടുത്ത നിർഭയമായ നിലപാടു മറക്കാൻ കാലമായിട്ടില്ല. ചുരുക്കത്തിൽ സഭയും സമുദായവും അഭിമുഖീകരിച്ചിട്ടുള്ള എല്ലാ പ്രതിസന്ധിഘട്ടങ്ങളും സംബന്ധിച്ച് അപ്നാദേശ് അവസരോചിതം ഉയർന്നു പ്രവർത്തിച്ചിട്ടുണ്ടു്, മേലിലും ഈ ഉന്നത മാനദണ്ഡം പുലർത്തപ്പെടുമെന്നു പ്രതീക്ഷിക്കാം.



GREETINGS
To His Excellency
BISHOP THARAYIL
From
JISS ENGINEERS
M. D. Commercial Centre,
K. K. Road, Kottayam.

Sales & Service :
Voltas Crystal
Air – Conditioneers
Tushar Water Coolers
NEI Motors
Bluefstar Leonard
Refrigerators
Leonard Deep Freezers
Telefunken Radios &
Transistors
Bajaj and Racold Applainces
Etc. Etc,